//

റ്റി എ (2) 12530/19

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ,കാര്യാലയം, തിരുവനന്തപുരം.
തീയതി. 11.02.2020

**സർക്കുലർ**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - കാർഷിക സൗജന്യ വൈദ്യുതി പദ്ധതി - ദുരുപയോഗം തടയുന്നതിന് മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. സ. ഉ.(എം . എസ്. ) നമ്പർ 311/95 തീയതി 31.08.1995
2. സ. ഉ.(എം . എസ്. ) നമ്പർ 73/97 തീയതി 01.03.1997
3. സ. ഉ.(എം . എസ്. ) നമ്പർ 235/98 തീയതി 31.10.1998
4. സർക്കാർ കത്ത് നമ്പർ 1513 /പി എ 3/2014/കൃഷി തീയതി 07.03.2014
5. സർക്കാർ കത്ത് നമ്പർ 36669 /പി എ 3/2013/കൃഷി തീയതി 11.03.2014
6. സർക്കാർ കത്ത് നമ്പർ 419/ പി എ 3/2014/കൃഷി തീയതി 11.03.2014
7. 26.11.2019 ന് ഗവ. സെക്രട്ടേറിയറ്റിൽ കൃഷി (പി. എ ) വകുപ്പ് അണ്ടർ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ചർച്ചയിലെ തീരുമാനം.

സൂചന 1 പ്രകാരം 01.08.1995 മുതൽ നെൽ കൃഷിക്ക് ഉപയോഗിക്കുന്ന വൈദ്യുതിക്ക് കർഷകർക്ക് സൗജന്യം അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. സൂചന 2 ലെ ഉത്തരവ് പ്രകാരം ഈ സൗജന്യം മറ്റ് വിളകൾക്ക് കൂടി നൽകാൻ ഉത്തരവാകുകയും സൂചന 3 പ്രകാരം ഈ സൗജന്യം 2 ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും 01.04.1997 മുതൽ മുൻകാലപ്രാബല്യത്തോടെ നൽകുകയും ചെയ്തിരുന്നു. 25.05.2015 തീയതിയിലെ സർക്കാർ ഉത്തരവ് GO (Rt) No. 945/15/AD പ്രകാരം 1 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളി ഹൗസുകൾക്കും ഈ ആനുകൂല്യം നൽകി വരുന്നു.

സൂചന 4,5,6 പ്രകാരം കൃഷിക്കാർക്ക് സൗജന്യ വൈദ്യുതി അനുവദിച്ചിട്ടുള്ള പല സ്ഥലങ്ങളിലും ആയത് ദുരുപയോഗം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് തലത്തിൽ പദ്ധതി കൈകാര്യം ചെയ്യുന്നത് കൂടുതൽ കാര്യക്ഷമമാക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ സംബന്ധിച്ച് ചുവടെ പറയുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണ് .

1. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സൗജന്യ വൈദ്യുതിക്ക് അർഹരായ കർഷകരുടെ വിവരങ്ങൾ കൃഷിഭവനുകളിൽ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും കാലാനുസൃതമായി ആവശ്യമായ പുതുക്കലുകൾ നടത്തേണ്ടതുമാണ് .

2. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി കൃഷിഭവനിലെ ഉദ്യോഗസ്ഥർ 28.02.2020 ന് മുൻപായി നിലവിലെ പദ്ധതി അംഗത്വ പട്ടികയിലുള്ള എല്ലാ കൃഷിയിടങ്ങളും സന്ദർശിക്കേണ്ടതും പരിശോധന റിപ്പോർട്ട് മേല്പറഞ്ഞ രജിസ്റ്ററിൽ പരിശോധന നടത്തിയ തീയതി സഹിതം രേഖപ്പെടുത്തേണ്ടതുമാണ്.

3. കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി ദുരുപയോഗം ചെയ്യുന്ന ഗുണഭോക്താക്കൾ, നിലവിലുള്ള കാർഷിക സൗജന്യ വൈദ്യുതി കണക്ഷൻ ഉപയോഗിക്കാത്തവർ, കാർഷിക സൗജന്യ വൈദ്യുതി കണക്ഷൻ മേല്പറഞ്ഞ കാരണങ്ങളാൽ വിച്ഛേദിക്കപ്പെട്ടവർ എന്നിവരെ ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കി പ്രസ്തുത വിവരം 25.03.2020 ന് മുൻപായി വൈദ്യുതി ബോർഡിനെ അറിയിക്കേണ്ടതാണ്.

4. തുടർന്ന്, ആറു മാസത്തിലൊരിക്കൽ കൃഷിഭവൻ ഉദ്യോഗസ്ഥർ കാർഷിക സൗജന്യ വൈദ്യുതി പദ്ധതി അംഗങ്ങളുടെ കൃഷിയിടം പരിശോധിക്കുകയും, പരിശോധനയുടെ തീയതിയുൾപ്പെടെയുള്ള വിവരങ്ങൾ പദ്ധതി രജിസ്റ്ററിൽ ചേർത്ത്. അവർ തുടർന്നും പദ്ധതി ആനുകൂല്യത്തിന് അർഹരാണെന്ന് കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്/അസി. കൃഷി ഓഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്താത്ത കൃഷിയിടങ്ങളിൽ സൗജന്യ വൈദ്യുതി ദുരുപയോഗം ചെയ്യുന്നതായി ഭാവിയിൽ കണ്ടെത്തിയാൽ അത് മൂലം സർക്കാരിനുണ്ടായേക്കാവുന്ന മുഴുവൻ നഷ്ടവും ബന്ധപ്പെട്ട കൃഷി ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്

5. പരിശോധനയിൽ കാർഷിക വൈദ്യുതി കണക്ഷനുകൾ കൃഷി ആവശ്യത്തിനല്ലാതെ ഉപയോഗിക്കുന്നതായി കണ്ടെത്തിയാൽ പ്രസ്തുത വിവരം അടിയന്തിരമായി വൈദ്യുതി ബോർഡിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. വർഷങ്ങൾക്ക് മുൻപ് ഈ പദ്ധതിപ്രകാരം സൗജന്യ വൈദ്യുതി കണക്ഷൻ ലഭിച്ച കർഷകർ തന്റെ ഭൂമി ക്രയവിക്രയം/ ഭാഗം ചെയ്തിട്ടുണ്ടായിരിക്കാൻ സാധ്യതയുള്ളതിനാൽ പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താവ് തന്നെയാണോ ഇപ്പോൾ ഭൂമിയുടെ ഉടമസ്ഥനെന്ന് ഉറപ്പു വരുത്തുന്നതിന് കൃഷിഭവനിലെയും വൈദ്യുതി ബോർഡിലെയും ഉദ്യോഗസ്ഥർ സംയുക്ത മിന്നൽ പരിശോധന നടത്തേണ്ടതും ക്രമക്കേട് കണ്ടെത്തിയാൽ ഉപഭോക്താവിൽ നിന്നും പിഴ ഉൾപ്പെടെ ദുരുപയോഗത്തിലൂടെയുണ്ടായ അധികതുക നഷ്ടപരിഹാരമായി ഈടാക്കേണ്ടതുമാണ്.

7. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (വാ. മാ.) എന്നിവർ കൃഷിഭവനുകളിൽ ഇൻസ്‌പെക്ഷൻ നടത്തുമ്പോൾ നിർബന്ധമായും സൗജന്യ വൈദ്യുതി പദ്ധതി രജിസ്റ്റർ പരിശോധിക്കേണ്ടതും ആയത് തീയതി സഹിതം രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതും സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ലാത്ത പക്ഷം ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

ഒപ്പ്

**കൃഷി ഡയറക്ടർ**

പകർപ്പ് : എല്ലാ കൃഷി അഡീഷണൽ ഡയറക്ടർമാർ
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ
എല്ലാ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വാ.മാ.)
എല്ലാ കൃഷി അസി. ഡയറക്ടർമാർ
എല്ലാ കൃഷി ഓഫീസർമാർ
കൃഷി ഡയറക്ടറുടെ സി എ
ഐ റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

Joint Director of Agriculture (WM)
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33